**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞാണി-ചാവക്കാട് പാതയിലെ പാവറട്ടി സെന്റർ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് പാതയിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിലെ പാവറട്ടി സെന്റർ നിർമ്മാണത്തിലെ കലുങ്ക് നിർമ്മാണം, സർഫസിംഗ്, റോഡ് ഫർണിഷിങ്ങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. St. Thomas Monastry മായുള്ള കോടതി കേസിൽ ഉൾപ്പെട്ട ഭാഗത്തെ കാന നിർമ്മാണം കൂടി പൂർത്തീകരിക്കാനുണ്ട്. പാവറട്ടിയിലെ വ്യാപാരികൾ തടസ്സം നിൽക്കുന്നതിനാൽ കാനയ്ക്ക് മുകളിൽ ടൈൽ വിരിക്കുന്നത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സെന്ററിന്റെ നവീകരണത്തിന്റെ ഭാഗമായി സൗജന്യമായി സ്ഥലം നൽകുന്നതിന് സന്നദ്ധമായ പാവറട്ടി സെന്റ് ജോസഫ് മൊണാസ്ട്രിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മതിൽ പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിക്കണമെന്ന ധാരണ നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | St. Thomas Monastry യുടെ ഭാഗത്ത് അധിക സ്ഥലം നടപ്പാത നിർമ്മിക്കുന്നതിന് Monastry അധികാരികൾ സമ്മതിച്ചതിനാൽ ആ ഭാഗത്ത് Compound Wall പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. ഫയൽ ഇപ്പോൾ റവന്യൂ വിഭാഗത്തിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത സെന്റർ നവീകരണ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണ്;നൽകിയ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ നവീകരണത്തിനായുള്ള അടങ്കൽ തുക 250 ലക്ഷം രൂപയാണ്. |
| (ഡി) | എന്നാണ് പ്രവൃത്തി ആരംഭിച്ചതെന്നും പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (ഡി) | മേൽ പ്രവൃത്തി 30.07.2023-ന് ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ